Talented Bankers Literary Panel
പുസ്തക പരിചയം 230

പുസ്തകം പരിചയപ്പെടുത്തുന്നത്,
അനിത വി കെ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
തിരുവനന്തപുരം.

പെണ്ണരശ്
രാജീവ് ശിവശങ്കർ

സ്ത്രീ അമ്മയാണ്... ദേവതയാണ്... കേൾക്കാൻ കൊള്ളാം.. വായിക്കാനും. ദേവതയായി ആരാധിക്കുമ്പോൾ തന്നെ, പണയപണ്ടമാക്കാനും മടിക്കാത്ത സംസ്കാര വിടവുകൾ സൂക്ഷിക്കുന്നു നമ്മൾ. കാണാൻ കൊള്ളാവുന്ന പെണ്ണിനെ, ഉൽപ്പന്നതിന്റെ മറുപേരിലാണ് പലപ്പോഴും പുരുഷൻ വിശേഷിപ്പിക്കുക. പെണ്ണിനെ നോക്കാൻ മാത്രമായി അവൻ വേറിട്ട കണ്ണുകൾ സൂക്ഷിക്കുന്നു. മുൻപ് ഇടവഴിയിരുട്ടിലോ, പുഴക്കരയിലോ പതുങ്ങിയിരുന്ന ഒറ്റപ്പെട്ട നോട്ടങ്ങൾ അല്ല ഇന്ന്. നഗരനടുവിൽ ഓടുന്ന ബസ്സിലോ, ട്രെയിനിലോ എന്തിനു, വിമാനത്തിൽ പോലും അവൻ പെണ്ണിനെ നായാടി പിടിക്കുന്നു, വാക്കുകൾ കൊണ്ട് തോലുരിക്കുന്നു. വീണ്ടും വീണ്ടും കൊട്ടിഘോഷിക്കപ്പെട്ട്, ആഘോഷിക്കുന്ന മറ്റുള്ളവരുടെ മുൻപിൽ, പേര് പോലും മറന്ന "ഇര"ക്കെന്തു മാനാഭിമാനം. സ്വന്തം ഇഷ്ടത്തിന് വഴങ്ങാത്തവരെ വരുതിക്കു നിർത്താൻ വ്യാജ പീഡന പർവവും അരങ്ങേറുമ്പോൾ, നഷ്ടപ്പെടുന്നത് ജീവിതമാണ്, ഒരാളിന്റെയല്ല... ഒരുപാടു പേരുടെ.

മകളുടെ ഭർത്താവു വിചാരിച്ചപോലെ വിനീതവിധേയനല്ല എന്ന് മനസ്സിലാക്കിയ, കൺസ്ട്രക്ഷൻ കമ്പനി ഉടമയായ ഇന്ദുചൂഡൻ, സുലോചനയെ, ഭർത്താവ് നാരായണൻ നായരിൽ നിന്നു വേർപിരിക്കുന്നു. കുട്ടികളെ പങ്കുവച്ചെങ്കിലും, പ്രതീക്ഷിച്ചപോലെ മകനെ ഒപ്പം കൂട്ടാൻ പറ്റിയില്ല സുലോചനക്ക്. ഒപ്പം കിട്ടിയ, അച്ഛന്റെ പ്രിയ മകളായ അപർണയെ, കഴിയുന്നിടത്തോളം മാനസികമായി തളർത്തി വളർത്താൻ അപ്പൂപ്പനും അച്ഛനോട് എതിർവാക്കില്ലാത്ത അമ്മയും തീരുമാനിച്ചു. കൂട്ടിലടച്ച ബാല്യവും പട്ടാളചിട്ടയും അപർണ്ണയെ വല്ലാതെ മടുപ്പിക്കുമ്പോൾ, ഒരേ ഒരാശ്വാസം കോടതിയുത്തരവനുസരിച്ചുള്ള, ഇടവേളകളിലെ, കുട്ടികളുടെ കൈമാറ്റമാണ്. അച്ഛന്റെ സ്നേഹവും നാട്ടിൻപുറത്തെ സ്വാതന്ത്ര്യവും അപർണയെ സന്തോഷിപ്പിക്കുന്നു എന്ന തിരിച്ചറിവിൽ, കോടതിയുത്തരവുകൾ പലപ്പോഴും ലംഘിക്കപ്പെട്ടു..

പതിനെട്ടാം വയസ്സിൽ കെട്ടിച്ചു നാടുകടത്താനുള്ള തീരുമാനത്തിന്റെ ഭാഗമായാണ്, അപർണ്ണയെ ഫോട്ടോ എടുക്കാൻ, അപ്പൂപ്പൻ സ്റ്റുഡിയോയിൽ കൊണ്ടുപോയത്. ഫോട്ടോഗ്രാഫർ ആയ ഫ്രാൻസിസ് പറയുമ്പോഴാണ്

തന്റെ വിവാഹമാണെന്ന് അപർണ അറിയുന്നത്.
പ്രാഞ്ചിയും ആപ്രുവും ആയി തീർന്ന അവർ അച്ഛന്റെ അടുത്തേക്ക് ഓടിപ്പോയി വിവാഹം കഴിച്ചു.

ആപ്രുവും പ്രാഞ്ചിയും വയലറ്റ് രാജകുമാരിയായ അമ്മുവും ചോക്ലറ്റ് രാജകുമാരനായ കുഞ്ഞുണ്ണിയും സന്തോഷത്തോടെ അവരുടെ മുട്ടക്കൊട്ടാരത്തിൽ കഴിയുയുമ്പോൾ, ഇന്ദുചൂഡൻ.. അപർണ്ണയുടെ അപ്പൂപ്പൻ, അവരുടെ ജീവിതത്തിൽ വീണ്ടും വന്നു.

ആപ്രി വളർത്തിയ അപ്പൂച്ചയും, കുഞ്ഞുണ്ണിയും, പ്രാഞ്ചിയും വരകളും ഒക്കെ മറഞ്ഞു... ഇരയായി, അപർണ്ണയും. ഒറ്റക്കായിപ്പോയ അമ്മുവിന്, പുതിയൊരു കൂടുംപെരുമാറ്റചട്ടങ്ങളുമായി സുലോചനയെത്തി. പുതിയ അക്ഷര ലിപികളും ജീവിതപാഠങ്ങളുമായി.

ചിറകുള്ള ആനകളും, പഴുതാരക്കാലുകളിൽ പായുന്ന മരങ്ങളും വയലറ്റ് നിറമുള്ള പുഴകളും സംസാരിക്കുന്ന മത്സ്യങ്ങളും നിറഞ്ഞ,സ്വപ്നങ്ങൾ മാത്രം കാണുന്നഒരുകുടുംബത്തിന്റെ പശ്ചാത്തലത്തിൽ, സമകാലിക ഇന്ത്യൻ സ്ത്രീത്വത്തിന്റെ, വേദനകളുടെ നേർ ചിത്രമാകുന്നു ഈ നോവൽ.
പുതിയൊരാഖ്യാന ശൈലിയിൽ രാജീവ് ശിവശങ്കർ, പഴയ പ്രമേയത്തെ പറഞ്ഞെത്തുമ്പോൾ, നമ്മളും ആ കാൽപ്പനിക ലോകത്തിൽ പങ്കാളികളാകുന്നു. സമീപകാല ദുരന്തങ്ങൾ ഓർമ്മയിലെത്തുന്നത് തീർത്തും യാദൃശ്ചികമല്ല.

നോവലിസ്റ്റ് രാജീവ് ശിവശങ്കർ മലയാള മനോരമയിൽ ചീഫ് സബ് എഡിറ്റർ ആണ്. 'തമോവേദവും' 'കൽപ്രമാണവും ''കലി പാകവും ' ഏറെ ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്.
368 പേജുള്ള ഈ പുസ്തകത്തിന്റെ വില 360 രൂപയാണ്.
ഒരു DC ബുക്ക്സ് പ്രസിദ്ധീകരണം.